**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1707 — 11.02.2013 - ലെ ചോദ്യത്തിനുള്ള മറുപടി

പൂവച്ചലിൽ കർഷക മാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) 2011 -12 ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് പോലെ തിരുവനന്തപുരം ജില്ലയിൽ പൂവച്ചലിൽ ലോകനിലവാരമുള്ള കർഷക മാർക്കറ്റ് സ്ഥാപിച്ചുവോ; ഇല്ലെങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിൽ അതിന്റെ നടപടികൾ എത്തിനിൽക്കുന്നുവെന്ന് അറിയിക്കാമോ; | (എ), (ബി) & (സി) | ഇല്ല. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാടും ആനയറയിലും ലോകനിലവാരമുള്ള രണ്ട് കാർഷിക മാർക്കറ്റുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ടി മാർക്കറ്റുകൾ കർഷക സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമായ സജ്ജീകരണങ്ങളോടു കൂടിയവയാണ്. ആയതിനാൽ കൃഷി വകുപ്പ് തിരുവനന്തപുരം ജില്ലയിലെ പൂവച്ചലിൽ ലോക നിലവാരമുള്ള കർഷക മാർക്കറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പോ, മറ്റ് ഏജൻസികളോ പുതിയ ലോക നിലവാരമുള്ള കർഷക മാർക്കറ്റ് സ്ഥാപിക്കുകയാണെങ്കിൽ കൃഷി വകുപ്പിന്റെ പൂർണ്ണ പിന്തുണ ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. |
| (ബി) മറ്റു മാർക്കറ്റുകളിൽ നിന്നും വ്യത്യസ്തമായി ലോക നിലവാരമുള്ള പ്രസ്തുത മാർക്കറ്റിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ; | | |
| (സി) മാർക്കറ്റ് നിർമ്മിക്കുന്നതിന് നാളിതുവരെ എന്ത് തുക ചെലവഴിച്ചു? | | |

**സെക്ഷൻ ഓഫീസർ**